**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2816** **12-07-2022 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ വന്യജീവി ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ മണ്ഡലത്തിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് വ്യാപകമായ സാഹചര്യത്തിൽ കർഷകർക്ക് ഓരോ കൃഷി ഇനത്തിലും ലഭിക്കുന്ന നഷ്ടപരിഹാര തുക വർദ്ധിപ്പിച്ച നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ; | (എ) | വന്യമൃഗങ്ങളുടെ ആക്രമണം മൂലം കാർഷിക വിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാര നിരക്ക് നിശ്ചയിച്ചിട്ടുള്ളത് 08.01.2015-ലെ സ.ഉ.(കൈ) നം. 02/2015/വനം ഉത്തരവ് പ്രകാരമാണ്. നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചുകൊണ്ട് പ്രസ്തുത ഉത്തരവ് ഭേദഗതി ചെയ്യുന്നതിന് 11.03.2022-ൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർക്കാരിലേയ്ക്ക് സമർപ്പിച്ച ശിപാർശ പരിശോധിച്ച് വരികയാണ്. |
| (ബി) | ഇരിക്കൂറിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ബി) | ഇരിക്കൂർ മണ്ഡലത്തിൽപ്പെടുന്ന ശ്രീകണ്ഠാപുരം സെക്ഷൻ പരിധിയിൽ വരുന്ന പയ്യാവൂർ ഗ്രാമ പഞ്ചായത്തിൽ കാട്ടാനശല്യം തടയുന്നതിന് വേണ്ടി, പയ്യാവൂർ ഗ്രാമപഞ്ചായത്ത്, ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ ജില്ലാ പഞ്ചായത്ത് എന്നിവരുടെ നേതൃത്വത്തിൽ കേരള - കർണ്ണാടക വനാതിർത്തിയിൽ കൂടി 11.05 കി.മീ. ദൂരത്തിൽ ഹാങ്ങിംഗ് സോളാർ ഫെൻസിംഗ് നിർമ്മാണ പ്രവർത്തികൾ ആരംഭിച്ച കഴിഞ്ഞിട്ടുണ്ട്. ഉളിക്കൽ പഞ്ചായത്തിലെ കർണ്ണാടക വനാതിർത്തി പങ്കിടുന്ന വീട്ടിക്കുന്ന് മുതൽ പേരട്ട വരെ 14 കി.മീ. ദൂരത്തിൽ സോളാർ വേലി നിർമ്മിച്ചിട്ടുണ്ട്. ഇതിൽ പ്രവർത്തന രഹിതമായ മേഖലകളിലെ വാർഡ് മെമ്പർമാരുമായി ബന്ധപ്പെട്ട് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി സോളാർവേലി പ്രവർത്തന ക്ഷമമാക്കുന്ന പ്രവർത്തിയും നടന്നു വരുന്നുണ്ട്. കൂടാതെ ഉളിക്കൽ പഞ്ചായത്തിലെ ആനപ്പാറ മുതൽ കാലാങ്കി വരെ 5 കി.മീ. സൗരോർജ്ജ തൂക്കുവേലിയും ഉദയഗിരി പഞ്ചായത്തിലെ മധുവനം മുതൽ മാമ്പൊയിൽ വരെ 3 കി.മീ. സൗരോർജ്ജ തൂക്കുവേലിയും നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ ഇത്തരം |

| | | | |
|---|---|---|---|
| | | | മേഖലകളിൽ ആന വാച്ചർമാരെ നിയോഗിച്ചു വരുന്നുണ്ട്. പടക്കങ്ങൾ ഉപയോഗിച്ചും നാട്ടിലിറങ്ങുന്ന വന്യജീവികളെ ഓടിച്ചു വരുന്നുണ്ട്. പയ്യാവൂർ ഉളിക്കൽ മേഖലകളിൽ യഥാസമയം വന്യമൃഗങ്ങളെ ഓടിക്കുന്നതിന് സ്റ്റാഫിന് വാഹനവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ